# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 ഫെബ്രുവരി 12, ബുധൻ

**നമ്പർ 211**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിൽ പോലീസിന്റെ ഭാഗത്ത് ഉണ്ടായിട്ടുള്ളതായി ആരോപിക്കപ്പെടുന്ന അനാസ്ഥമൂലം ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്കയും അരക്ഷിതാവസ്ഥയും സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ഷാനിമോൾ ഉസ്മാനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.
(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി വീണാ ജോർജ്ജ് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വനാതിർത്തിക്കടുത്തുള്ള കൃഷിയിടങ്ങളിൽ നിരന്തരമായുണ്ടാകുന്ന വന്യജീവികളുടെ ആക്രമണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരി

ക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ജെ. ജോസഫ് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു :

| നം | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി ഗീതാ ഗോപി | അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം | മുഖ്യമന്ത്രി |
| 2 | ശ്രീമതി ഷാനിമോൾ ഉസ്മാൻ | ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ന്യൂനപക്ഷമെന്ന അംഗീകാരം | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം | മുഖ്യമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | കേരള പോലീസ് സേനയിലെ ആത്മഹത്യ നിരക്ക് | മുഖ്യമന്ത്രി |
| 5 | ഡോ. എം. കെ. മുനീർ | സ്കൂൾ അസംബ്ലികളിൽ ഭരണഘടനയുടെ ആമുഖം വായന | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ശശി | മുതല മൂർഖൻ കടവ് ഉുക്കുപാലത്തിന്റെ അറ്റകുറ്റപ്പണി | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | വരൾച്ച നേരിടാൻ നടപടി | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഐ. ബി. സതീഷ് | കരമന – വെള്ളറട റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗുരുവായൂർ - തിരുനാവായ റെയിൽപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. മമ്മൂട്ടി | തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 11 | ശ്രീമതി വീണാ ജോർജ്ജ് | വരയന്നൂർ അക്വഡക്ടിന്റെ പുനർ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പട്ടാലിലുള്ള ജലസേചന വകുപ്പിന്റെ സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറ്റം | ജലവിഭവ വകുപ്പുമന്ത്രി |
| 13 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | തൊഴിൽ നിയമങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 14 | ശ്രീ. എം. സി. കമറുദ്ദീൻ | മഞ്ചേശ്വരത്ത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് | ഗതാഗത വകുപ്പുമന്ത്രി |
| 15 | ശ്രീ. ഒ. രാജഗോപാൽ | ആറ്റുകാൽ പൊങ്കാലയ്ക്ക് എത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 16 | ശ്രീ. ഡി. കെ. മുരളി | വെഞ്ഞാറമ്മൂട്ടിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 17 | ശ്രീ. ഇ. കെ. വിജയൻ | പാക്വായി പാലത്തിന്റെ പുനർ നിർമ്മാണം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 18 | ശ്രീ. കെ. ബാബു | പറമ്പിക്കുളം എർത്ത് ഡാം, കടവ് കോളനി നിവാസികളുടെ പാർപ്പിട പ്രശ്നം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 20 | ശ്രീമതി യു.പ്രതിഭ | എം.എൽ.എ.മാർക്കുള്ള ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന നിധി നടപടിക്രമങ്ങളുടെ കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 21 | ശ്രീ. എൽദോ എബ്രഹാം | മരങ്ങളുടെ വിലനിർണ്ണയം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

i. *ചട്ടം 166 (i) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 991/2019 | സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക | 17-12-2019 |
| 2 | 995/2019 | സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക | 1-11-2019 |
| 3 | 3/2020 | ജി.ഒ.(ആർറ്റി) നമ്പർനമ്പർ 3738/2019/ഹോം | 24-12-2019 |
| 4 | 18/2020 | ജി.ഒ.(പി) നമ്പർ 1/2020/ഹോം | 4-1-2020 |
| 5 | 37/2020 | ജി.ഒ.(ആർറ്റി) നമ്പർ 108/2020/ഹോം | 16-1-2020 |
| 6 | 42/2020 | ഹോം-എസ്എസ്എ 2/172/2019-ഹോം | 17-1-2020 |
| 7 | 5/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ | 1-1-2020 |
| 8 | 996/2019 | ജി.ഒ.(പി) നമ്പർ 92/2019/ആർഡി | 19-12-2019 |
| 9 | 100/2020 | ജി.ഒ.(എംഎസ്) നമ്പർ 2/2020/എച്ച്.എസ്. ജി. | 2-2-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 994/2019 | ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ് | 6-12-2019 |
| 11 | 51/2020 | ജി.ഒ.(പി) നമ്പർ 3/2020/ടാക്സസ് | 21-1-2020 |
| 12 | 968/2019 | ജി.ഒ.(പി) നമ്പർ 199/2019/ടാക്സസ് | 10-12-2019 |
| 13 | 963/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 14 | 964/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ | 25-11-2019 |
| 15 | 965/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 16 | 966/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 17 | 1021/2019 | ജി.ഒ.(പി) നമ്പർ 139/2019/എൽ.ബി.ആർ. | 24-12-2019 |
| 18 | 34/2020 | ജി.ഒ.(പി) നമ്പർ 143/2019/എൽ.ബി.ആർ | 30-12-2019 |
| 19 | 75/2020 | ജി.ഒ.(പി) നമ്പർ 9/2020/എൽ.ബി.ആർ. | 23-1-2020 |
| 20 | 82/2020 | ജി.ഒ.(പി) നമ്പർ 137/2019/എൽ.ബി.ആർ. | 23-12-2019 |
| 21 | 402/2019 | ജി.ഒ.(പി) നമ്പർ 61/2019/കോ-ഓപ്പ്. | 30-5-2019 |
| 22 | 579/2019 | ജി.ഒ.(പി) നമ്പർ 86/2019/കോ-ഓപ്പ്. | 30-7-2019 |
| 23 | 17/2020 | ജി.ഒ.(പി) നമ്പർ 134/2019/കോ-ഓപ്പ്. | 19-12-2019 |
| 24 | 951/2019 | ജി.ഒ.(പി) നമ്പർ 86/2019/എൽ.എസ്ജി.ഡി. | 2-12-2019 |
| 25 | 1011/2019 | ജി.ഒ.(പി) നമ്പർ 87/2019/എൽ.എസ്ജി.ഡി. | 6-12-2019 |
| 26 | 32/2020 | സ.ഉ.(അ) നമ്പർ5/2020/ത.സ്വ.ഭ.വ. | 10-1-2020 |
| 27 | 973/2019 | ജി.ഒ.(പി) നമ്പർ 9/2019/എഫ്.&ഡബ്ല്യു.എൽ.ഡി. | 17-8-2019 |

ii. *വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :*

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കംപ് ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2017-18 | റവന്യൂ സെക്ടർ |
| 2 | കംപ് ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2017-18 | ജനറൽ & സോഷ്യൽ സെക്ടർ |
| 3 | കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2015-16<br>2016-17<br>2017-18 | വാർഷിക റിപ്പോർട്ട് |

| | | | |
|---|---|---|---|
| 4 | വാസ്തു വിദ്യാ ഗുരുകലം | 2017-18 | ഭരണ റിപ്പോർട്ട് |
| 5 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 6 | ഇൻഫർമേഷൻ കേരള മിഷൻ | 2014-15<br>2015-16 | ഓഡിറ്റ് റിപ്പോർട്ട് |

iii. *ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ* :

| ക്രമ നം. | നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|---|
| 1 | 14 | 15 | 1757, 3916 |
| 2 | 14 | 16 | 417, 2505, 5696 |

<u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u> :

(1) 2018 മേയ് 17-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 4/2018/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 304/2018) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2017-ന് ശ്രീ. എം. വിൻസെന്റ് ഭേദഗതി അവതരിപ്പിച്ചു. മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഭേദഗതി പ്രസ്സ് ചെയ്യാത്തതിനാൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(2) 2019 ഒക്ടോബർ 4-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 23/2019/നിയമം (എസ്.ആർ.ഒ. നമ്പർ 777/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ-ക്ക് ശ്രീ. എം. ഉമ്മർ ഭേദഗതി അവതരിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്കസമുദായക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി ശ്രീ. എ. കെ. ബാലൻ മറുപടി പറഞ്ഞു. ഭേദഗതി സഭ അംഗീകരിച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u> :

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. കെ. സുരേഷ് കുറുപ്പ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി ഇ. എസ്. ബിജിമോൾ കമ്മിറ്റിയുടെ 48 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

(1) **സഭ പാസ്സാക്കിയ മൂലനിയമങ്ങൾ മലയാളത്തിലായിരുന്നിട്ടും അവയിന്മേലുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചതിനെതിരെ ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.**

നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 5-2-2020-ന് സഭയുടെ മേശപ്പുറത്തു വച്ചതുമായ ചട്ടങ്ങൾ (SRO Nos. 12/2020, 828/2019, 829/2019) ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും, മലയാളം മൂലനിയമമാക്കി സഭ പാസ്സാക്കിയ മേല്പറഞ്ഞ 3 നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്നും അതിനെതിരെ ശക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇവിടെ പരാമർശിക്കപ്പെട്ട ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങൾ അംഗീകരിച്ച് വിശദീകരിക്കുകയുണ്ടായി.

പുതിയ വ്യവസായ നയത്തിൽ ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ന്യായവാദങ്ങൾ എന്തുതന്നെ ആയാലും സഭ മലയാള ഭാഷയിൽ പാസ്സാക്കിയ ഒരു മൂല നിയമത്തിന്മേൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആദ്യം തന്നെ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അംഗീകരിക്കാനാവില്ല. ഏതെങ്കിലും കാരണത്താൽ മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ അനിവാര്യമാണെന്നു തോന്നുന്ന പക്ഷം മലയാളം ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ കൂടി ഉടൻ പുറപ്പെടുവിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 348 (3)-ൽ അതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സഭ മലയാള ഭാഷയിൽ പാസ്സാക്കുന്ന മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽ തന്നെ ആയിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇനിമേൽ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട, വളരെ ഗുരുതരമായ മറ്റൊരു കാര്യംകൂടി ഇത്തരുണത്തിൽ സൂചിപ്പിക്കട്ടെ. മുകളിൽ പരാമർശിക്കപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ (SRO Nos. 828/2019 ഉം 829/2019 ഉം) വളരെയേറെ ബൃഹത്തും ഓരോന്നിലും നൂറിലധികം ചട്ടങ്ങളും ഉപചട്ടങ്ങളും ഫോറങ്ങളും അനുബന്ധങ്ങളും ഉൾപ്പെടുന്നതുമായ വളരെ പ്രധാനപ്പെട്ട രേഖയാണെന്നും കാണാവുന്നതാണ്.

ഇത്രമാത്രം പ്രധാനപ്പെട്ടതും എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയും ബാധിക്കുന്നതുമായ ഒരു ചട്ടനിർമ്മാണം സബ്ബക്റ്റ് കമ്മിറ്റികളുമായി ബന്ധപ്പെട്ട സഭാ ചട്ടങ്ങളിലെ ചട്ടം 238 പ്രകാരമുള്ള മുൻകൂർ പരിശോധന കൂടാതെയാണ് പുറപ്പെടുവിച്ചത് എന്ന് കാണുന്നു. ഈ നടപടിയും പൊതുവെ അംഗീകരിക്കുവാൻ കഴിയുന്നതല്ല. സമഗ്രമായ ചട്ടങ്ങളാണ് രൂപീകരിക്കുന്നതെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ മുൻകൂർ പരിശോധന (prior scrutiny) കൂടാതെ പുറപ്പെടുവിക്കുന്നത് നമ്മുടെ സബ്ജക്റ്റ് കമ്മിറ്റികളുടെ രൂപീകരണത്തിനു പിന്നിലെ ഉദ്ദേശ്യ ശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന ഒന്നായി മാറുന്നതാണ്. ഇപ്പോൾ അവ സാധൂകരണത്തിനായി സബ്ജക്റ്റ് കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽപ്പോലും ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നുകൂടി അറിയിക്കട്ടെ.

**(2) നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല 12-2-2020-ന് ഉന്നയിച്ച ക്രമപ്രശ്ന ത്തിന്മേലുള്ള റൂളിംഗ്.**

നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത് വസ്തുതാപരമായ ഒരു കാര്യം തന്നെയാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച് സമാനമായ ക്രമപ്രശ്നങ്ങൾ നിരവധി തവണ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായി റൂളിംഗ് നല്കിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗുണപരമായ മാറ്റങ്ങൾ പൊതുവിൽ പ്രകടമാണെങ്കിലും ചില വകുപ്പുകളുടെ കാര്യത്തിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആശാവഹമല്ല എന്നാണ് ഈ സമ്മേളനത്തിലും പ്രകടമാകുന്നത്. ഇതേവിഷയത്തിൽ സഭയുടെ 16-ാം സമ്മേളന സമയത്ത് ഉന്നയിക്കപ്പെട്ട ഒരു ക്രമ പ്രശ്നത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ യഥാസമയം മറുപടി ലഭ്യമാക്കാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കൊപ്പം സമർപ്പിക്കേണ്ട ഡിലേ സ്റ്റേറ്റ്മെന്റുകൾക്ക് ഒരു നിർദ്ദിഷ്ട മാതൃക നിശ്ചയിക്കുകയും ആയത് സർക്കുലർ പ്രകാരം എല്ലാ വകുപ്പുകളേയും അറിയിക്കുകയും ചെയ്തതായി ചെയർ മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങളിൽ ബഹുഭൂരിപക്ഷം ചോദ്യങ്ങൾ

ക്കുമുള്ള മറുപടി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകൾ, സർക്കാർ സർക്കുലറിലൂടെ നിഷ്കർഷിച്ചിരുന്ന മാതൃകയിലല്ലാത്തതിനാൽ അപ്രകാരം റിവൈസ് ചെയ്യുന്നതിനായി തിരിച്ചയയ്ക്കുകയായിരുന്നു. അവ ഉൾപ്പെടെയുള്ള മറുപടികളാണ് ഇപ്പോൾ കുടിശ്ശികയായി നിൽക്കുന്നത്.

സഭാതലത്തിൽ നൽകിയ റൂളിംഗിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് തന്നെ നിഷ്കർഷിച്ച മാതൃകയിൽനിന്നും വിരുദ്ധമായി തയ്യാറാക്കി ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയുന്നവയല്ല. ഈ സാഹചര്യത്തിൽ പുതുക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി കുടിശ്ശികയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടികൾ അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്കുള്ള മറുപടികൾ കൂടി അടിയന്തരമായിത്തന്നെ ലഭ്യമാക്കേണ്ടതാണെന്നും റൂൾ ചെയ്യുന്നു.

**(3) 2020 ഫെബ്രുവരി 7-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച 2019-20 വർഷത്തെ ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റ് അനുസരിച്ച് നടപ്പു സമ്മേളനത്തിൽ ചർച്ച ചെയ്യാൻ സമയം നീക്കിവയ്ക്കാത്തിനെതിരെ ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.**

നടപ്പു സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി 7-2-2020-ന് സഭയിൽ സമർപ്പിച്ചുവെങ്കിലും അതിന്മേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി ഈ സമ്മേളനത്തിൽ സമയം നീക്കിവയ്ക്കാതിരിക്കുന്നതുമൂലം ഉളവാകാതിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി കാര്യങ്ങൾ വിശദമാക്കുകയുണ്ടായി.

സാധാരണ ഗതിയിൽ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ച കഴിഞ്ഞാൽ അത് അതേ സമ്മേളനത്തിൽ ചർച്ച ചെയ്തു പാസ്സാക്കുന്നതാണ് നമ്മുടെ നടപടി ക്രമവും കീഴ് വഴക്കവും. എന്നാൽ നമുക്കൊക്കെ അറിയാവുന്നതുപോലെ നമ്മുടെ സഭ ഈ വർഷം Vote on Account കൂടാതെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള ശ്രമത്തിലാണ്. സഭ ഇന്നു പിരിഞ്ഞുകഴിഞ്ഞാൽ അടുത്ത രണ്ടാഴ്ചകൊണ്ട് സബ്ജക്ട് കമ്മിറ്റികളുടെ ബഡ്ജറ്റ് സ്കൂട്ടിനി നടത്തേണ്ടതുണ്ട്. അതിനുശേഷം സഭ വീണ്ടും സമ്മേളിച്ച് ബഡ്ജറ്റ് സമ്പൂർണ്ണമായി ചർച്ച ചെയ്ത് മാർച്ച് 31-ന് മുമ്പായി പാസ്സാക്കേണ്ടതുമുണ്ട്. സ്വാഭാവികമായും സമയക്കുറവ് ഇക്കാര്യങ്ങളിലൊക്കെ നമ്മെ അലട്ടുന്നുമുണ്ട്.

ഉപധനാഭ്യർത്ഥനകളുടെ കാര്യത്തിൽ സാങ്കേതികമായി അവ മാർച്ച് 31-ന് മുമ്പായി പാസ്സാക്കിയാൽ മതിയെങ്കിൽപ്പോലും അവ കഴിയുന്നത്ര വേഗത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതു തന്നെയാണ് ഉത്തമമായ മാതൃക. ഇക്കാര്യത്തിൽ നടപടിക്രമത്തിൽ വീഴ്ച ഇല്ലാത്തതിനാലും സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഇതിനായുള്ള സമയം ക്രമീകരിക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ധനകാര്യം</u> :

2020- 2021 സാമ്പത്തികവർഷത്തിലേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച തുടർന്നു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. ദാസൻ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. കെ. ബാബു

ശ്രീ. സി. എഫ്. തോമസ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. എം. സി. കമറുദ്ദീൻ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ, ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എന്നിവർ മറുപടി പറഞ്ഞു.

<u>അവകാശ ലംഘന പ്രശ്നം</u> :

I. <u>താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചു</u> :

1. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിനെ സംബന്ധിച്ച 29-10-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം.31-ന് മറുപടി പറയവെ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവ് ട്രാൻസ്ഗ്രിഡ് 2.5 പദ്ധതിക്ക് ബാധകമല്ലെന്നാണ് വൈദ്യുതി മന്ത്രി മറുപടി നൽകിയതെന്നും എന്നാൽ ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന ഒരു പദ്ധതിയാണെന്നും അതിൽ കെ.എസ്.ഇ.ബി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും, പവർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, കിഫ്ബിയുടെ സി.ഇ.ഒ.യും തമ്മിൽ ഒരു ത്രികക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ടെന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ ഇത് സംബന്ധിച്ച എല്ലാ നിയമങ്ങളും /ഉത്തരവുകളും ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് ബാധകമായിരിക്കെ, ബഹു. വൈദ്യുതി വകുപ്പുമന്ത്രി, കെ.എസ്.ഇ.ബി.-ക്ക് ഇതൊന്നും ബാധകമല്ല എന്ന നിലപാടാണ് സഭയിൽ കൈക്കൊണ്ടതെന്നും കെ.എസ്.ഇ.ബി. ചെയർമാൻ ത്രികക്ഷി കരാറിലെ ഒരു കക്ഷിയായിരിക്കെ അതിലെ മൂന്നാം ഖണ്ഡികയിലെ നിബന്ധന കെ.എസ്.ഇ.ബി.-ക്ക് ബാധകമല്ല എന്ന നിലപാട് വൈദ്യുതി വകുപ്പുമന്ത്രി നിയമസഭയിൽ സ്വീകരിച്ചത് സഭയെയും സഭാംഗങ്ങളെയും മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണെന്നും ആയതിനാൽ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹു. വൈദ്യുതി വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. കിഫ്ബിക്ക് സമർപ്പിക്കുകയും 5200 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന പ്രസരണ വിതരണ മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പരിഷ്കരണ വിധേയവുമായ വ്യവസ്ഥകൾ പ്രകാരമാണെന്നും അവകാശലംഘന നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 6-2-2017-ലെ സർക്കാർ ഉത്തരവ് G.O.(P)No.16/2017/Fin. സർക്കാർ വകുപ്പുകളെ ഉദ്ദേശിച്ചിട്ടുള്ളതുമാണെന്നും കെ. എസ്. ഇ. ബി.-യുടെ ഡയറക്ടർ ബോർഡ് സ്വീകരിച്ചിട്ടില്ലാത്തതുമാണെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ടെണ്ടർ നടപടിക്ക് ബാധകമല്ലെന്നും, പ്രസ്തുത ലൈനുകളുടെ നിർമ്മാണത്തിൽ ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രായോഗികവുമല്ല എന്നും ത്രികക്ഷി കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിച്ചിട്ടില്ലായെന്നും വിശദീകരിച്ചിരിക്കുന്നു. ബഹു.മന്ത്രിയുടെ വിശദീകരണം വസ്തുതാപരവും തൃപ്തികരവുമാണെന്ന് കാണുന്നതിനാൽ ബഹു. അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2. എം.ജി. സർവ്വകലാശാലയിലെ മോഡറേഷൻ സംബന്ധിച്ച് ബഹു. പ്രതിപക്ഷ നേതാവ് 14-10-2019-ലെ പത്രസമ്മേളനത്തിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നുവെന്നും എന്നാൽ ആയതിനുശേഷം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നടത്തിയ പ്രസ്താവനയിൽ 'മാർക്ക് ദാന വിവാദം ഉപതെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇടതുമുന്നണിക്കെതിരെ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉണ്ടാക്കിയ പ്രചാരണതന്ത്രം മാത്രമാണ് ' എന്ന് ആക്ഷേപിക്കുകയുണ്ടായെന്നും ഒരു ഉദ്യോഗസ്ഥൻ മാത്രമായ പ്രൈവറ്റ് സെക്രട്ടറി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അവഹേളിക്കുന്നതിനും സമൂഹമധ്യത്തിൽ താറടിച്ചുകാണിക്കണമെന്നുമുള്ള മനഃപൂർവ്വമായ ഉദ്ദേശത്തോടുകൂടിയുമാണ് മേൽ ആക്ഷേപം നടത്തിയിട്ടുള്ളതെന്നും സാമാജികനെന്ന നിലയിലും പ്രതിപക്ഷനേതാവെന്ന നിലയിലുമുള്ള അവകാശങ്ങളുടെ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷറഫുദ്ദീനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു. അംഗം ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയിൽനിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ആയതിൻപ്രകാരം ബഹു. മന്ത്രി, പ്രൈവറ്റ് സെക്രട്ടറിയുടെ വിശദീകരണമടക്കം തന്റെ മറുപടി ലഭ്യമാക്കുകയുണ്ടായി. ആയതിൽ മോഡറേഷൻ സംബന്ധിച്ച ആരോപണങ്ങൾക്കുള്ള മറുപടി ബഹു. മന്ത്രിയുടെ നിർദ്ദേശാനുസരണം 17-10-2019-ന് പത്രക്കുറിപ്പായി നൽകിയിരുന്നുവെന്നും കൂടുതൽ വിവരങ്ങൾ അറിയാൻവേണ്ടി മാധ്യമപ്രവർത്തകർ ബന്ധപ്പെട്ടപ്പോൾ പ്രൈവറ്റ് സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ രാഷ്ട്രീയ വിഷയങ്ങൾ സംസാരിച്ചിട്ടില്ലായെന്നും പരാമർശ വിധേയമായ പത്രത്തിൽ വന്ന വാർത്ത പത്രലേഖകന്റെ സ്വയം സൃഷ്ടി ആണെന്നും പ്രൈവറ്റ് സെക്രട്ടറി അറിയിക്കുകയുണ്ടായി. ബഹു. പ്രതിപക്ഷനേതാവിനെക്കുറിച്ച് രാഷ്ട്രീയമായ പ്രസ്താവനകൾ നടത്താൻ പാടില്ലായെന്ന് ഉദ്യോഗസ്ഥനായ തനിക്ക് ഉത്തമബോധ്യമുണ്ടെന്നും അദ്ദേഹത്തെ അവഹേളിക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നും ഒരു മാധ്യമപ്രവർത്തകൻ വഴിയാണെങ്കിൽപ്പോലും ബഹു.പ്രതിപക്ഷനേതാവിനും പരാതി നൽകിയ അംഗത്തിനും വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും പ്രൈവറ്റ് സെക്രട്ടറി അറിയിച്ചതായി ബഹു. മന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയും, പ്രൈവറ്റ് സെക്രട്ടറി ഖേദം രേഖപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ അവകാശലംഘന വിഷയം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

3. ബഹു. പ്രതിപക്ഷനേതാവ് ശ്രീ.രമേശ് ചെന്നിത്തല 2019-സെപ്റ്റംബർ 20, 21 തീയതികളിൽ നടത്തിയ പത്ര സമ്മേളനത്തിൽ വൈദ്യുതി ബോർഡിലെ ട്രാൻസ്ഗ്രിഡ്

പദ്ധതിയിലെ അഴിമതി സംബന്ധിച്ച് ആരോപണം ഉന്നയിച്ചപ്പോൾ പ്രസ്തുത ആരോപണത്തിന് മറുപടി നൽകിയത് ചെയർമാൻ ശ്രീ. എൻ. എസ്. പിള്ളയാണെന്നും സാധാരണ ഗവൺമെന്റിനെ സംബന്ധിച്ചോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചോ പ്രതിപക്ഷം നടത്തുന്ന പരാമർശങ്ങൾക്ക് ഉദ്യോഗസ്ഥരല്ല മറിച്ച് മുഖ്യമന്ത്രിയോ, വകുപ്പ് മന്ത്രിയോ ആണ് മറുപടി പറയാറുള്ളതെന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്തത്തോടെ പ്രതിപക്ഷനേതാവ് നടത്തിയ ആരോപണങ്ങൾക്ക് ഉദ്യോഗസ്ഥ തലത്തിൽ നൽകിയ മറുപടി പ്രതിപക്ഷനേതാവിന്റെ അധികാരാവകാശങ്ങളെ നിഷേധിക്കുന്നതാണെന്നും അതിലൂടെ സഭയെയും പ്രതിപക്ഷ നേതാവിനെയും അവഹേളിക്കുന്നതിന് ഇടയായിട്ടുണ്ടെന്നും ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. വകുപ്പ് സെക്രട്ടറി കെ.എസ്.ഇ.ബി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ വിശദീകരണം ലഭ്യമാക്കിയിരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി സംബന്ധിച്ച ഒരു ആരോപണം ബഹു. പ്രതിപക്ഷനേതാവ് ഉന്നയിച്ചതിനെ തുടർന്ന് മാധ്യമങ്ങളിൽ നിന്നും, പൊതുജനങ്ങളിൽനിന്നും, നിരവധി ഉദ്യോഗസ്ഥരിൽനിന്നും നിജസ്ഥിതി അറിയാനായി അന്വേഷണങ്ങൾ ഉണ്ടായെന്നും പദ്ധതി പരമാവധി പുരോഗതി കൈവരിച്ചുവരുന്ന സമയത്ത് ഉണ്ടായ ആരോപണങ്ങൾ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് സംബന്ധിച്ച നിജസ്ഥിതിയും വസ്തുതയും പൊതുജനങ്ങളെ അറിയിക്കുന്നത് ഗുണകരമാകുമെന്ന വിലയിരുത്തലിനെ തുടർന്നാണ് വിശദമായതും വസ്തുതാപരമായതുമായ ഒരു പത്രക്കുറിപ്പ് കമ്പനിയുടെ പി.ആർ.ഒ മാധ്യമങ്ങൾക്ക് നൽകിയതെന്നും ചെയർമാൻ എന്ന നിലയിൽ താൻ നേരിട്ടോ അല്ലാതെയോ ബഹു. പ്രതിപക്ഷനേതാവിന്റെ ആരോപണങ്ങൾക്ക് പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ഒരു പ്രതികരണവും നടത്താൻ ശ്രമിച്ചിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. തന്റെ ഈ പ്രവൃത്തി ബഹു. പ്രതിപക്ഷനേതാവിന്റെ പ്രത്യേക അവകാശങ്ങളിൽ ലംഘനം നടത്തിയിട്ടില്ലായെന്നും എന്നിരുന്നാലും കെ.എസ്.ഇ.ബി.-യുടെ പത്രക്കുറിപ്പുമൂലം എന്തെങ്കിലും വിഷമമുണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.

ഊർജ്ജ വകുപ്പ് സെക്രട്ടറി, കെ.എസ്.ഇ.ബി. ചെയർമാൻ എന്നിവരിൽനിന്നുള്ള വിശദീകരണം ചെയർ പരിശോധിക്കുകയും കെ.എസ്.ഇ.ബി. ചെയർമാനെ അതൃപ്തി അറിയിക്കുകയും മേലിൽ ഇത്തരം കാര്യങ്ങളിൽ ഇടപെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹു. അംഗം ശ്രീ. വി. ഡി. സതീശന് ചെയർ അനുമതി നിഷേധിക്കുന്നു.

4. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തെ ആസ്പദമാക്കി കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ 26-6-2019-ലെ 4858-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പൽ പൂട്ടിയെടുത്ത് താക്കോൽ കൈവശം സൂക്ഷിക്കുന്നുണ്ടെന്ന് മറുപടി നൽകിയെന്നും എന്നാൽ 12-7-2019-ൽ വിദ്യാർത്ഥിക്ക് കുത്തേറ്റ സംഭവത്തിൽ ടി മുറി എസ്.എഫ്.ഐ. ഭാരവാഹികളുടെ അധീനതയിലായി രുന്നുവെന്ന് വാർത്ത വന്നിട്ടുണ്ടെന്നും ആയതിനാൽ മന്ത്രി നൽകിയ മറുപടി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിനെതിരെ അവകാശലംഘനം ഉന്നയിക്കു ന്നതിന് ബഹു.അംഗം ശ്രീ.കെ.സി.ജോസഫ് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ 12-7-2019-ന് യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വിദ്യാർത്ഥി സംഘട്ടനം സംബന്ധിച്ച മാധ്യമ വാർത്തകളിൽനിന്നാണ് യൂണിയൻ ഓഫീസ് തുറന്ന് കിടക്കുന്നതായി താൻ അറിഞ്ഞതെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ഓഫീസിന്റെ പൂട്ട് തകർത്തതായി കണ്ടെത്തിയെന്നും, ഗവൺമെന്റ് കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി പ്രസ്തുത മുറി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ ലൈബ്രറി കം റിസർച്ച് സെന്റർ ആയി മാറ്റിയെന്നും, പൂട്ട് തകർത്ത് വീണ്ടും ചിലർ ആ മുറി ഉപയോഗിച്ച വിവരം താൻ അറിയാതെപോയിയെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.-യുടെ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

5. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിലുള്ള റോഡുകളുടെ നിർമ്മാണോദ്ഘാടന വേളയിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി തളിപ്പറമ്പ് എം.എൽ.എ. ആയ ശ്രീ. ജെയിംസ് മാത്യുവിനോട് ബഹു. അംഗം ശ്രീ. കെ. സി. ജോസഫിന്റെ മണ്ഡലമായ ഇരിക്കൂറിലെ വികസന കാര്യങ്ങളിൽകൂടി ശ്രദ്ധചെലുത്തണമെന്ന നിലയിൽ നിർദ്ദേശം നൽകിയെന്ന മലയാളമനോരമയിൽ വന്ന പത്രവാർത്താറിപ്പോർട്ട് തന്നെ പൊതുജന മധ്യത്തിൽ മോശക്കാരനാക്കാനുള്ള ഉദ്ദേശ്യത്തോടു കൂടിയാണെന്ന് ആരോപിച്ചുകൊണ്ട് ബഹു. അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ ബഹു. അംഗം ശ്രീ. കെ. സി.

ജോസഫ് 24-11-2019-ലെ പ്രസ്തുത യോഗത്തിൽ സന്നിഹിതനായിരുന്നില്ലായെന്നും, നോട്ടീസിലോ, പത്രവാർത്തയിലോ പറയും പ്രകാരം താൻ പ്രസംഗിച്ചിട്ടില്ലായെന്നും, ബഹു. സാമാജികനെ ബോധപൂർവ്വം ഇകഴ്ത്തിക്കാട്ടുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ, പൊതുജനമധ്യത്തിൽ മോശക്കാരനാക്കുന്നതിനോവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നും പരാമർശ വിഷയം അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നില്ലാ യെന്നും അറിയിച്ചിരിക്കുന്നു.

ബഹു. മന്ത്രിയുടെ വിശദീകരണം വിശദമായി ചെയർ പരിശോധിച്ചു. ആയത് മുഖവിലയ്ക്കെടുത്ത് ബഹു.അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

6. 50 വർഷങ്ങൾക്ക് മുമ്പ് ശ്രീ. അവുക്കാദർ കുട്ടി നഹ തറക്കല്ലിട്ട പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 2004 വരെ ഒരു തുടർനടപടിയും ഉണ്ടായിട്ടില്ലായെന്നും, 2004-ൽ അന്നത്തെ സർക്കാർ ഭരണാനുമതി നൽകിയെങ്കിലും ചില തർക്കങ്ങളെത്തുടർന്ന് പണം വകയിരുത്തിയില്ലായെന്നും, ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് വസ്തുതാ വിരുദ്ധമാണെന്നും, 50 വർഷത്തിന് മുമ്പ് ഈ പദ്ധതിക്ക് തറക്കല്ലിട്ടിട്ടില്ലായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന നടപടി സ്വീകരി ക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.അംഗം ശ്രീ. പി. കെ. അബ്ദു റബ്ബ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി പ്രസ്തുത പ്രവൃത്തിക്ക് തറക്കല്ലിട്ടു എന്നത് ശരിയാണെന്നും എന്നാൽ 2018-ൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനം പുനർനിർണ്ണയിച്ച് 20-2-2019-ന് മുഖ്യമന്ത്രി തറക്കല്ലിടുകയും മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നും, സബ്മിഷന് മറുപടി പറയവെ 50 വർഷം മുമ്പ് ഈ മന്ത്രി തറക്കല്ലിട്ട പദ്ധതിക്ക് 2004-ലാണ് ജീവൻ വച്ചതെന്ന് താൻ പറഞ്ഞത് ആലങ്കാരികമായിട്ടാണെന്നും പിന്നീട് ഇക്കാര്യം പരിശോധിച്ചപ്പോൾ 50 വർഷം മുമ്പ് തറക്കല്ലിട്ടു എന്ന പരാമർശം ശരിയായിരുന്നില്ലെന്ന് ബോദ്ധ്യമായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ലായെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു. Kaul & Shakdher ന്റെ Practice & Procedure of Parliament എന്ന ഗ്രന്ഥത്തിൽ പ്രിവിലേജ് സംബന്ധിച്ച ഭാഗത്ത് (Page 306, 6th

Edition) ഇപ്രകാരം പറയുന്നു. "A breach of privilege can arise only when the Member or the Minister makes a false statement or an incorrect statement wilfully, deliberately and knowingly."

സഭയെ തെറ്റിദ്ധരിപ്പിക്കാനോ ഒരു സഭാംഗത്തിന്റെ അവകാശലംഘനത്തിനോ, അംഗത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നതിനോ ഇടയാക്കുന്ന ഒരു പ്രവൃത്തിയും ബോധപൂർവ്വം നടത്തിയിട്ടില്ലെന്ന് ബഹു. മന്ത്രി രേഖാമൂലം അറിയിച്ചിരിക്കുന്നു. ആയതിനാൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ.-ക്ക് അനുമതി നിഷേധിക്കുന്നു.

II. <u>ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘന നോട്ടീസുകൾ</u> :

1. 31-12-2019-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന പ്രമേയത്തിനെതിരെ ശ്രീ. ജി. വി. എൽ. നരസിംഹറാവു എം. പി. രാജ്യസഭാ ചെയർമാന് നൽകിയ നോട്ടീസിലെ വിശദാംശങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതിനെ ആധാരമാക്കി ബഹു. അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു അവകാശ ലംഘന നോട്ടീസ് നൽകുകയുണ്ടായി. കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കിയ നടപടിയെ രാജ്യസഭാ എം. പി. ആയ ശ്രീ. ജി. വി. എൽ. നരസിംഹറാവു 'തോന്ന്യാസവും' 'ദുർനടപടിയും' എന്ന് വിശേഷിപ്പിച്ചത് സഭയോടുള്ള അവഹേളനമാണെന്നും പ്രസ്തുത നടപടി ഭരണഘടനയുടെ അനുച്ഛേദം 194 സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുള്ള അധികാരത്തിന്മേലുള്ള കടന്നുകയറ്റവും, ഭീഷണിയിലൂടെ സ്വതന്ത്ര ജനാധിപത്യ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുമായതിനാൽ ശ്രീ. ജി. വി. എൽ. നരസിംഹറാവുവിനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് പ്രസ്തുത നോട്ടീസിലെ ആവശ്യം. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2. സെൻസസ് ചോദ്യാവലിയുമായി ബന്ധപ്പെട്ട വിഷയത്തിൽ 6-2-2020-ന് ശ്രീ. കെ. എം. ഷാജി അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സമർപ്പിച്ച നോട്ടീസ് സഭ പരിഗണിക്കവെ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ് നടത്തിയ അപകീർത്തികരമായ പരാമർശങ്ങൾ സഭയിൽ ചോദ്യം ചെയ്യപ്പെട്ടതിനാൽ ബഹു.അംഗം അത് പിൻവലിക്കുകയും രേഖകളിൽ നിന്ന് നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കുമെന്ന് ചെയർ പ്രസ്താവിക്കുകയും ചെയ്തെങ്കിലും 2020 ഫെബ്രുവരി 7-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിൽ 'നടുത്തളം' എന്ന കോളത്തിൽ പ്രസ്തുത പരാമർശങ്ങൾ പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ബഹു. അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.

പതിനാലാം കേരളനിയമസഭയുടെ പതിനെട്ടാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

വൈകിട്ട് 4.24-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eighteenth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 12, 2020*

**No. 211**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment motion* :

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Smt.Shanimol Osman and three other Members regarding the apprehension and insecurity among the people consequent on the alleged laxity of Police in curbing reportedly increasing crimes against women and children in the State.

(In protest against the attitude of the Government in the matter the opposition Members staged a walkout.)

*Calling Attention* :

1. Smt. Veena George called the attention of the Minister for Health, Social Justice and Woman and Child Development to the necessity to envisage programmes to ensure women safety in workplaces in the State. The Minister made a statement thereto.

2. Shri P. J. Joseph called the attention of the Minister for Forest, Animal Husbandry and Zoo to the necessity to take steps to prevent the frequently occuring wild animal attacks in agriculture fields adjacent to forests in the State. The Minister made a statement thereto.

*Matters raised by Members under Rule 304* :

The Matters raised in the house by members under Rule 304 are listed below :

| നം | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി ഗീതാ ഗോപി | അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം | മുഖ്യമന്ത്രി |
| 2 | ശ്രീമതി ഷാനിമോൾ ഉസ്മാൻ | ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ന്യൂനപക്ഷമെന്ന അംഗീകാരം | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം | മുഖ്യമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | കേരള പോലീസ് സേനയിലെ ആത്മഹത്യ നിരക്ക് | മുഖ്യമന്ത്രി |
| 5 | ഡോ. എം. കെ. മുനീർ | സ്കൂൾ അസംബ്ലികളിൽ ഭരണഘടനയുടെ ആമുഖം വായന | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ശശി | മുതല മൂർഖൻ കടവ് ബ്ലക്കപാലത്തിന്റെ അറ്റകുറ്റപണി | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | വരൾച്ച നേരിടാൻ നടപടി | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഐ. ബി. സതീഷ് | കരമന-വെള്ളറട റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗുരുവായൂർ - തിരുനാവായ റെയിൽപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. മമ്മൂട്ടി | തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 11 | ശ്രീമതി വീണാ ജോർജ്ജ് | വരയന്നൂർ അക്വഡക്റ്റിന്റെ പുനർ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പട്ടാലിലുള്ള ജലസേചന വകുപ്പിന്റെ സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറ്റം | ജലവിഭവ വകുപ്പുമന്ത്രി |
| 13 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | തൊഴിൽ നിയമങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 14 | ശ്രീ. എം. സി. കമറുദ്ദീൻ | മഞ്ചേശ്വരത്ത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് | ഗതാഗത വകുപ്പുമന്ത്രി |
| 15 | ശ്രീ. ഒ. രാജഗോപാൽ | ആറ്റുകാൽ പൊങ്കാലയ്ക്ക് എത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 16 | ശ്രീ. ഡി. കെ. മുരളി | വെഞ്ഞാറമ്മൂട്ടിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 17 | ശ്രീ. ഇ. കെ. വിജയൻ | പാക്വായി പാലത്തിന്റെ പുനർ നിർമ്മാണം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 18 | ശ്രീ. കെ. ബാബു | പറമ്പിക്കുളം എർത്ത് ഡാം, കടവ് കോളനി നിവാസികളുടെ പാർപ്പിട പ്രശ്നം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 20 | ശ്രീമതി യു. പ്രതിഭ | എം.എൽ.എ.മാർക്കുള്ള ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന നിധി നടപടിക്രമങ്ങളുടെ കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 21 | ശ്രീ. എൽദോ എബ്രഹാം | മരങ്ങളുടെ വിലനിർണ്ണയം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table* :

The following papers were laid on the Table :

(i) *Papers as per rule 166 (1)* :

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 991/2019 | സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക | 17-12-2019 |
| 2 | 995/2019 | സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക | 1-11-2019 |
| 3 | 3/2020 | ജി.ഒ.(ആർറ്റി) നമ്പർ 3738/2019/ഹോം | 24-12-2019 |
| 4 | 18/2020 | ജി.ഒ.(പി) നമ്പർ 1/2020/ഹോം | 4-1-2020 |
| 5 | 37/2020 | ജി.ഒ.(ആർറ്റി.) നമ്പർ 108/2020/ഹോം | 16-1-2020 |
| 6 | 42/2020 | ഹോം-എസ്എസ്എ 2/172/2019-ഹോം | 17-1-2020 |
| 7 | 5/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ | 1-1-2020 |
| 8 | 996/2019 | ജി.ഒ.(പി) നമ്പർ 92/2019/ആർഡി | 19-12-2019 |
| 9 | 100/2020 | ജി.ഒ.(എംഎസ്.) നമ്പർ 2/2020/എച്ച്.എസ്. ജി. | 2-2-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 994/2019 | ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ് | 6-12-2019 |
| 11 | 51/2020 | ജി.ഒ.(പി) നമ്പർ 3/2020/ടാക്സസ് | 21-1-2020 |
| 12 | 968/2019 | ജി.ഒ.(പി) നമ്പർ 199/2019/ടാക്സസ് | 10-12-2019 |
| 13 | 963/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 14 | 964/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ | 25-11-2019 |
| 15 | 965/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 16 | 966/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽ.ബി.ആർ. | 25-11-2019 |
| 17 | 1021/2019 | ജി.ഒ.(പി) നമ്പർ 139/2019/എൽ.ബി.ആർ. | 24-12-2019 |
| 18 | 34/2020 | ജി.ഒ.(പി) നമ്പർ 143/2019/എൽ.ബി.ആർ | 30-12-2019 |
| 19 | 75/2020 | ജി.ഒ.(പി) നമ്പർ 9/2020/എൽ.ബി.ആർ. | 23-1-2020 |
| 20 | 82/2020 | ജി.ഒ.(പി) നമ്പർ 137/2019/എൽ.ബി.ആർ. | 23-12-2019 |
| 21 | 402/2019 | ജി.ഒ.(പി) നമ്പർ 61/2019/കോ-ഓപ്പ്. | 30-5-2019 |
| 22 | 579/2019 | ജി.ഒ.(പി) നമ്പർ 86/2019/കോ-ഓപ്പ്. | 30-7-2019 |
| 23 | 17/2020 | ജി.ഒ.(പി) നമ്പർ 134/2019/കോ-ഓപ്പ്. | 19-12-2019 |
| 24 | 951/2019 | ജി.ഒ.(പി) നമ്പർ 86/2019/എൽ.എസ്ജി.ഡി. | 2-12-2019 |
| 25 | 1011/2019 | ജി.ഒ.(പി) നമ്പർ 87/2019/എൽ.എസ്ജി.ഡി. | 6-12-2019 |
| 26 | 32/2020 | സ.ഉ.(അ) നമ്പർ5/2020/ത.സ്വ.ഭ.വ. | 10-1-2020 |
| 27 | 973/2019 | ജി.ഒ.(പി) നമ്പർ 9/2019/എഫ്.&ഡബ്ല്യൂ.എൽ.ഡി. | 17-8-2019 |

(ii) *Reports of various institutions*

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2017-18 | റവന്യൂ സെക്ടർ |
| 2 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2017-18 | ജനറൽ & സോഷ്യൽ സെക്ടർ |
| 3 | കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2015-16<br>2016-17<br>2017-18 | വാർഷിക റിപ്പോർട്ട് |

| | | | |
|---|---|---|---|
| 4 | വാസ്തു വിദ്യാ ഗുരുകുലം | 2017-18 | ഭരണ റിപ്പോർട്ട് |
| 5 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 6 | ഇൻഫർമേഷൻ കേരള മിഷൻ | 2014-15<br>2015-16 | ഓഡിറ്റ് റിപ്പോർട്ട് |

(iii) *The answers to the following questions along with the statements showing the reason for delay in submitting them under Rule 47 (2)* :

| ക്രമ നം. | നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|---|
| 1 | 14 | 15 | 1757, 3916 |
| 2 | 14 | 16 | 417, 2505, 5696 |

*Consideration of Amendment to Rules* :

(1) Shri M. Vincent moved Amendments to the Kerala Secretariat Subordinate Service (Amendment) Special Rules, 2017 issued in G.O.(P) No.4/2018/G.A.D. dated 17-5-2018 (S.R.O. No.304/2018). Chief Minister replied to the points raised. The amendments were withdrawn by the leave of the House.

(2) Shri M. Ummer moved amendments to the Kerala Special Marriage (Amendment) Rules, 2019 issued in G.O.(P) No.23/2019/Law dated 4-10-2019 (S.R.O. No.777/2019). Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Law, Culture and Parliamentary Affairs replied to the points raised. The motion was adopted.

*Presentation of Reports* :

Smt E. S. Bijimol as authorised by Shri K. Suresh Kurup, Chairman, Local Fund Accounts Committee presented the Forty Eighth to Fifty Second Reports of the Committee.

*Ruling by the Speaker* :

(1) **സഭ പാസ്സാക്കിയ നിയമങ്ങൾ മലയാളത്തിലായിരുന്നിട്ടും അവയിന്മേലുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചതിനെതിരെ ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.**

നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 5-2-2020-ന് സഭയുടെ മേശപ്പുറത്തു വച്ചതുമായ ചട്ടങ്ങൾ (SRO Nos. 12/2020, 828/2019, 829/2019) ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും, മലയാളം മൂലനിയമമാക്കി സഭ പാസ്സാക്കിയ മേല്പറഞ്ഞ 3 നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്നും അതിനെതിരെ ശക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇവിടെ പരാമർശിക്കപ്പെട്ട ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങൾ അംഗീകരിച്ച് വിശദീകരിക്കുകയുണ്ടായി.

പുതിയ വ്യവസായ നയത്തിൽ ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ന്യായവാദങ്ങൾ എന്തുതന്നെ ആയാലും സഭ മലയാള ഭാഷയിൽ പാസ്സാക്കിയ ഒരു മൂല നിയമത്തിന്മേൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആദ്യം തന്നെ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അംഗീകരിക്കാനാവില്ല. ഏതെങ്കിലും കാരണത്താൽ മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ അനിവാര്യമാണെന്നു തോന്നുന്ന പക്ഷം മലയാളം ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ കൂടി ഉടൻ പുറപ്പെടുവിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 348 (3)-ൽ അതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സഭ മലയാള ഭാഷയിൽ പാസ്സാക്കുന്ന മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽ തന്നെ ആയിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇനിമേൽ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട, വളരെ ഗുരുതരമായ മറ്റൊരു കാര്യംകൂടി ഇത്തരുണത്തിൽ സൂചിപ്പിക്കട്ടെ. മുകളിൽ പരാമർശിക്കപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ (SRO Nos. 828/2019 ഉം 829/2019 ഉം) വളരെയേറെ ബൃഹത്തും ഓരോന്നിലും നൂറിലധികം ചട്ടങ്ങളും ഉപചട്ടങ്ങളും ഫോറങ്ങളും അനുബന്ധങ്ങളും ഉൾപ്പെടുന്നതുമായ വളരെ പ്രധാനപ്പെട്ട രേഖയാണെന്നും കാണാവുന്നതാണ്.

ഇത്രമാത്രം പ്രധാനപ്പെട്ടതും എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയും ബാധിക്കുന്നതുമായ ഒരു ചട്ടനിർമ്മാണം സബ്ജക്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട സഭാ ചട്ടങ്ങളിലെ ചട്ടം 238 പ്രകാരമുള്ള മുൻകൂർ പരിശോധന കൂടാതെയാണ് പുറപ്പെടുവിച്ചത് എന്ന് കാണുന്നു. ഈ നടപടിയും പൊതുവെ അംഗീകരിക്കുവാൻ കഴിയുന്നതല്ല. സമഗ്രമായ ചട്ടങ്ങളാണ് രൂപീകരിക്കുന്നതെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന (prior scrutiny) കൂടാതെ പുറപ്പെടുവിക്കുന്നത് നമ്മുടെ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണത്തിനു പിന്നിലെ ഉദ്ദേശ്യ ശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന ഒന്നായി മാറുന്നതാണ്. ഇപ്പോൾ അവ സാധൂകരണത്തിനായി സബ്ജക്ട് കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽപ്പോലും ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നുകൂടി അറിയിക്കട്ടെ.

**(2) നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല 12-2-2020-ന് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.**

നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത് വസ്തുതാപരമായ ഒരു കാര്യം തന്നെയാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച് സമാനമായ ക്രമപ്രശ്നങ്ങൾ നിരവധി തവണ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായി റൂളിംഗ് നല്കിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗുണപരമായ മാറ്റങ്ങൾ പൊതുവിൽ പ്രകടമാണെങ്കിലും ചില വകുപ്പുകളുടെ കാര്യത്തിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആശാവഹമല്ല എന്നാണ് ഈ സമ്മേളനത്തിലും പ്രകടമാകുന്നത്. ഇതേവിഷയത്തിൽ സഭയുടെ 16-ാം സമ്മേളന സമയത്ത് ഉന്നയിക്കപ്പെട്ട ഒരു ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ യഥാസമയം മറുപടി ലഭ്യമാക്കാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കൊപ്പം സമർപ്പിക്കേണ്ട ഡിലേ സ്റ്റേറ്റ്മെന്റുകൾക്ക് ഒരു നിർദ്ദിഷ്ട മാതൃക നിശ്ചയിക്കുകയും ആയത് സർക്കുലർ പ്രകാരം എല്ലാ വകുപ്പുകളേയും അറിയിക്കുകയും ചെയ്തതായി ചെയർ മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങളിൽ ബഹുഭൂരിപക്ഷം ചോദ്യങ്ങൾക്കുമുള്ള മറുപടി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകൾ, സർക്കാർ സർക്കുലറിലൂടെ നിഷ്കർഷിച്ചിരുന്ന മാതൃകയിലല്ലാത്തതിനാൽ അപ്രകാരം റിവൈസ് ചെയ്യുന്നതിനായി തിരിച്ചയയ്ക്കുകയായിരുന്നു. അവ ഉൾപ്പെടെയുള്ള മറുപടികളാണ് ഇപ്പോൾ കുടിശ്ശികയായി നിൽക്കുന്നത്.

സഭാതലത്തിൽ നൽകിയ റൂളിംഗിന്റെ വെളിച്ചത്തിൽ ഗവണ്മെന്റ് തന്നെ നിഷ്കർഷിച്ച മാതൃകയിൽനിന്നും വിരുദ്ധമായി തയ്യാറാക്കി ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയുന്നവയല്ല. ഈ സാഹചര്യത്തിൽ പുതുക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി കുടിശ്ശികയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടികൾ അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്കുള്ള മറുപടികൾ കൂടി അടിയന്തരമായിത്തന്നെ ലഭ്യമാക്കേണ്ടതാണെന്നും റൂൾ ചെയ്യുന്നു.

**(3) 2020 ഫെബ്രുവരി 7-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച 2019-20 വർഷത്തെ ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റ് അനുസരിച്ച് നടപ്പു സമ്മേളനത്തിൽ ചർച്ച ചെയ്യാൻ സമയം നീക്കിവയ്ക്കാത്തിനെതിരെ ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്.**

നടപ്പു സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി 7-2-2020-ന് സഭയിൽ സമർപ്പിച്ചുവെങ്കിലും അതിന്മേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി ഈ സമ്മേളനത്തിൽ സമയം നീക്കിവയ്ക്കാതിരിക്കുന്നതുമൂലം ഉളവാകാതിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി കാര്യങ്ങൾ വിശദമാക്കുകയുണ്ടായി.

സാധാരണ ഗതിയിൽ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു കഴിഞ്ഞാൽ അത് അതേ സമ്മേളനത്തിൽ ചർച്ച ചെയ്തു പാസ്സാക്കുന്നതാണ് നമ്മുടെ നടപടി ക്രമവും കീഴ് വഴക്കവും. എന്നാൽ നമുക്കൊക്കെ അറിയാവുന്നതുപോലെ നമ്മുടെ സഭ ഈ വർഷം Vote on Account കൂടാതെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള ശ്രമത്തിലാണ്. സഭ ഇന്നു പിരിഞ്ഞുകഴിഞ്ഞാൽ അടുത്ത രണ്ടാഴ്ചകൊണ്ട് സബ്ജക്ട് കമ്മിറ്റികളുടെ ബഡ്ജറ്റ് സ്കൂട്ടിനി നടത്തേണ്ടതുണ്ട്. അതിനുശേഷം സഭ വീണ്ടും സമ്മേളിച്ച് ബഡ്ജറ്റ് സമ്പൂർണ്ണമായി ചർച്ച ചെയ്ത് മാർച്ച് 31-ന് മുമ്പായി പാസ്സാക്കേണ്ടതുമുണ്ട്. സ്വാഭാവികമായും സമയക്കുറവ് ഇക്കാര്യങ്ങളിലൊക്കെ നമ്മെ അലട്ടുന്നുമുണ്ട്.

ഉപധനാഭ്യർത്ഥനകളുടെ കാര്യത്തിൽ സാങ്കേതികമായി അവ മാർച്ച് 31-ന് മുമ്പായി പാസ്സാക്കിയാൽ മതിയെങ്കിൽപ്പോലും അവ കഴിയുന്നത്ര വേഗത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതു തന്നെയാണ് ഉത്തമമായ മാതൃക. ഇക്കാര്യത്തിൽ നടപടിക്രമത്തിൽ വീഴ്ച ഇല്ലാത്തതിനാലും സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഇതിനായുള്ള സമയം ക്രമീകരിക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

*Financial Business* :

General discussions on the Budget for the Financial Year 2020-21 was resumed. The following Members also took part in the discussion.

Shri K. Dasan

Shri M. Vincent

Smt. Geetha Gopi

Shri Abdul Hameed. P.

Shri K.Babu

shri C. F.Thomas

Shri C. K. Hareendran

Shri T. J. Vinod

Shri K. B. Ganesh Kumar

Shri Chittayam Gopakumar

Shri M. C. Kamaruddin

Shri A. N. Shamseer

Shri Ramesh Chennithala, Leader of Opposition

Shri Pinarayi Vijayan, Chief Minister and DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion.

*Question of Breach of Privilege* :

The following notice of question of Breach of Privilege was withheld consent to move.

1. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിനെ സംബന്ധിച്ച 29-10-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം.31-ന് മറുപടി പറയവെ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവ് ട്രാൻസ്ഗ്രിഡ് 2.5 പദ്ധതിക്ക് ബാധകമല്ലെന്നാണ് വൈദ്യുതി മന്ത്രി മറുപടി നൽകിയതെന്നും എന്നാൽ ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ

നടത്തുന്ന ഒരു പദ്ധതിയാണെന്നും അതിൽ കെ.എസ്.ഇ.ബി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും, പവർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, കിഫ്ബിയുടെ സി.ഇ.ഒ.യും തമ്മിൽ ഒരു ത്രികക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ടെന്നും മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ ഇതു സംബന്ധിച്ച എല്ലാ നിയമങ്ങളും/ഉത്തരവുകളും ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് ബാധകമായിരിക്കെ, ബഹു. വൈദ്യുതി വകുപ്പുമന്ത്രി, കെ.എസ്.ഇ.ബി.-ക്ക് ഇതൊന്നും ബാധകമല്ല എന്ന നിലപാടാണ് സഭയിൽ കൈക്കൊണ്ടതെന്നും കെ.എസ്.ഇ.ബി. ചെയർമാൻ ത്രികക്ഷി കരാറിലെ ഒരു കക്ഷിയായിരിക്കെ അതിലെ മൂന്നാം ഖണ്ഡികയിലെ നിബന്ധന കെ.എസ്.ഇ.ബി.-ക്ക് ബാധകമല്ല എന്ന നിലപാട് വൈദ്യുതി വകുപ്പുമന്ത്രി നിയമസഭയിൽ സ്വീകരിച്ചത് സഭയെയും സഭാംഗങ്ങളെയും മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണെന്നും ആയതിനാൽ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹു.വൈദ്യുതി വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. കിഫ്ബിക്ക് സമർപ്പിക്കുകയും 5200 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന പ്രസരണ വിതരണ മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പരിഷ്കരണ വിധേയവുമായ വ്യവസ്ഥകൾ പ്രകാരമാണെന്നും അവകാശലംഘന നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 6-2-2017-ലെ സർക്കാർ ഉത്തരവ് G.O.(P)No.16/2017/Fin. സർക്കാർ വകുപ്പുകളെ ഉദ്ദേശിച്ചിട്ടുള്ളതുമാണെന്നും കെ. എസ്. ഇ. ബി.-യുടെ ഡയറക്ടർ ബോർഡ് സ്വീകരിച്ചിട്ടില്ലാത്തതുമാണെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ടെണ്ടർ നടപടിക്ക് ബാധകമല്ലെന്നും, പ്രസ്തുത ലൈനുകളുടെ നിർമ്മാണത്തിൽ ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രായോഗികവുമല്ല എന്നും ത്രികക്ഷി കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിച്ചിട്ടില്ലായെന്നും വിശദീകരിച്ചിരിക്കുന്നു. ബഹു. മന്ത്രിയുടെ വിശദീകരണം വസ്തുതാപരവും തൃപ്തികരവുമാണെന്ന് കാണുന്നതിനാൽ ബഹു. അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2. എം. ജി. സർവ്വകലാശാലയിലെ മോഡറേഷൻ സംബന്ധിച്ച് ബഹു. പ്രതിപക്ഷ നേതാവ് 14-10-2019-ലെ പത്ര സമ്മേളനത്തിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നുവെന്നും എന്നാൽ ആയതിനുശേഷം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നടത്തിയ പ്രസ്താവനയിൽ 'മാർക്ക്' ദാന വിവാദം

ഉപതെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇടതുമുന്നണിക്കെതിരെ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉണ്ടാക്കിയ പ്രചാരണതന്ത്രം മാത്രമാണ് ' എന്ന് ആക്ഷേപിക്കുകയുണ്ടായെന്നും ഒരു ഉദ്യോഗസ്ഥൻ മാത്രമായ പ്രൈവറ്റ് സെക്രട്ടറി ബഹു. പ്രതിപക്ഷനേതാവിനെ അവഹേളിക്കുന്നതിനും സമൂഹമധ്യത്തിൽ താറടിച്ചുകാണിക്കണമെന്നുമുള്ള മനഃപൂർവ്വമായ ഉദ്ദേശത്തോടുകൂടിയുമാണ് മേൽ ആക്ഷേപം നടത്തിയിട്ടുള്ളതെന്നും സാമാജികനെന്ന നിലയിലും പ്രതിപക്ഷനേതാവെന്ന നിലയിലുമുള്ള അവകാശങ്ങളുടെ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷറഫുദ്ദീനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയിൽനിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ആയതിൻപ്രകാരം ബഹു. മന്ത്രി, പ്രൈവറ്റ് സെക്രട്ടറിയുടെ വിശദീകരണമടക്കം തന്റെ മറുപടി ലഭ്യമാക്കുകയുണ്ടായി. ആയതിൽ മോഡറേഷൻ സംബന്ധിച്ച ആരോപണങ്ങൾക്കുള്ള മറുപടി ബഹു. മന്ത്രിയുടെ നിർദ്ദേശാനുസരണം 17-10-2019-ന് പത്രക്കുറിപ്പായി നൽകിയിരുന്നുവെന്നും കൂടുതൽ വിവരങ്ങൾ അറിയാൻവേണ്ടി മാധ്യമപ്രവർത്തകർ ബന്ധപ്പെട്ടപ്പോൾ പ്രൈവറ്റ്സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ രാഷ്ട്രീയ വിഷയങ്ങൾ സംസാരിച്ചിട്ടില്ലായെന്നും പരാമർശ വിധേയമായ പത്രത്തിൽ വന്ന വാർത്ത പത്രലേഖകന്റെ സ്വയം സൃഷ്ടി ആണെന്നും പ്രൈവറ്റ്സെക്രട്ടറി അറിയിക്കുകയുണ്ടായി. ബഹു. പ്രതിപക്ഷനേതാവിനെക്കുറിച്ച് രാഷ്ട്രീയമായ പ്രസ്താവനകൾ നടത്താൻ പാടില്ലായെന്ന് ഉദ്യോഗസ്ഥനായ തനിക്ക് ഉത്തമബോധ്യമുണ്ടെന്നും അദ്ദേഹത്തെ അവഹേളിക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നും ഒരു മാധ്യമപ്രവർത്തകൻ വഴിയാണെങ്കിൽപ്പോലും ബഹു. പ്രതിപക്ഷനേതാവിനും പരാതി നൽകിയ അംഗത്തിനും വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നു വെന്നും പ്രൈവറ്റ് സെക്രട്ടറി അറിയിച്ചതായി ബഹു. മന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയും, പ്രൈവറ്റ് സെക്രട്ടറി ഖേദം രേഖപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ അവകാശലംഘന വിഷയം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

3. ബഹു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല 2019-സെപ്റ്റംബർ 20, 21 തീയതികളിൽ നടത്തിയ പത്രസമ്മേളനത്തിൽ വൈദ്യുതി ബോർഡിലെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അഴിമതി സംബന്ധിച്ച് ആരോപണം ഉന്നയിച്ചപ്പോൾ പ്രസ്തുത ആരോപണത്തിന് മറുപടി നൽകിയത് ചെയർമാൻ ശ്രീ. എൻ. എസ്. പിള്ളയാണെന്നും സാധാരണ ഗവൺമെന്റിനെ സംബന്ധിച്ചോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചോ

പ്രതിപക്ഷം നടത്തുന്ന പരാമർശങ്ങൾക്ക് ഉദ്യോഗസ്ഥരല്ല മറിച്ച് മുഖ്യമന്ത്രിയോ, വകുപ്പ് മന്ത്രിയോ ആണ് മറുപടി പറയാറുള്ളതെന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്തത്തോടെ പ്രതിപക്ഷനേതാവ് നടത്തിയ ആരോപണങ്ങൾക്ക് ഉദ്യോഗസ്ഥ തലത്തിൽ നൽകിയ മറുപടി പ്രതിപക്ഷനേതാവിന്റെ അധികാരാവകാശങ്ങളെ നിഷേധിക്കുന്നതാണെന്നും അതിലൂടെ സഭയെയും പ്രതിപക്ഷ നേതാവിനെയും അവഹേളിക്കുന്നതിന് ഇടയായിട്ടുണ്ടെന്നും ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. വകുപ്പ് സെക്രട്ടറി കെ.എസ്.ഇ.ബി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ വിശദീകരണം ലഭ്യമാക്കിയിരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി സംബന്ധിച്ച ഒരു ആരോപണം ബഹു. പ്രതിപക്ഷനേതാവ് ഉന്നയിച്ചതിനെ തുടർന്ന് മാധ്യമങ്ങളിൽ നിന്നും, പൊതുജനങ്ങളിൽനിന്നും, നിരവധി ഉദ്യോഗസ്ഥരിൽനിന്നും നിജസ്ഥിതി അറിയാനായി അന്വേഷണങ്ങൾ ഉണ്ടായെന്നും, പദ്ധതി പരമാവധി പുരോഗതി കൈവരിച്ചുവരുന്ന സമയത്ത് ഉണ്ടായ ആരോപണങ്ങൾ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് സംബന്ധിച്ച നിജസ്ഥിതിയും വസ്തുതയും പൊതുജനങ്ങളെ അറിയിക്കുന്നത് ഗുണകരമാകുമെന്ന വിലയിരുത്തലിനെ തുടർന്നാണ് വിശദമായതും വസ്തുതാപരമായതുമായ ഒരു പത്രക്കുറിപ്പ് കമ്പനിയുടെ പി.ആർ.ഒ. മാധ്യമങ്ങൾക്ക് നൽകിയതെന്നും ചെയർമാൻ എന്ന നിലയിൽ താൻ നേരിട്ടോ അല്ലാതെയോ ബഹു. പ്രതിപക്ഷനേതാവിന്റെ ആരോപണങ്ങൾക്ക് പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ഒരു പ്രതികരണവും നടത്താൻ ശ്രമിച്ചിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. തന്റെ ഈ പ്രവൃത്തി ബഹു. പ്രതിപക്ഷനേതാവിന്റെ പ്രത്യേക അവകാശങ്ങളിൽ ലംഘനം നടത്തിയിട്ടില്ലായെന്നും എന്നിരുന്നാലും കെ.എസ്.ഇ.ബി.-യുടെ പത്രക്കുറിപ്പുമൂലം എന്തെങ്കിലും വിഷമമുണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.

ഊർജ്ജ വകുപ്പ് സെക്രട്ടറി, കെ.എസ്.ഇ.ബി. ചെയർമാൻ എന്നിവരിൽ നിന്നുള്ള വിശദീകരണം ചെയർ പരിശോധിക്കുകയും കെ.എസ്.ഇ.ബി. ചെയർമാനെ അതൃപ്തി അറിയിക്കുകയും മേലിൽ ഇത്തരം കാര്യങ്ങളിൽ ഇടപെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹു. അംഗം ശ്രീ.വി. ഡി.സതീശന് ചെയർ അനുമതി നിഷേധിക്കുന്നു.

4. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തെ ആസ്പദമാക്കി കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ

26-6-2019-ലെ 4858-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പൽ പൂട്ടിയെടുത്ത് താക്കോൽ കൈവശം സൂക്ഷിക്കുന്നുണ്ടെന്ന് മറുപടി നൽകിയെന്നും എന്നാൽ 12-7-2019-ൽ വിദ്യാർത്ഥിക്ക് കുത്തേറ്റ സംഭവത്തിൽ ടി മുറി എസ്.എഫ്.ഐ. ഭാരവാഹികളുടെ അധീനതയിലായിരുന്നുവെന്ന് വാർത്ത വന്നിട്ടുണ്ടെന്നും ആയതിനാൽ മന്ത്രി നൽകിയ മറുപടി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ.കെ.ടി.ജലീലിനെതിരെ അവകാശലംഘനം ഉന്നയിക്കുന്നതിന് ബഹു. അംഗം ശ്രീ.കെ.സി. ജോസഫ് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ 12-7-2019-ന് യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വിദ്യാർത്ഥി സംഘട്ടനം സംബന്ധിച്ച മാധ്യമ വാർത്തകളിൽനിന്നാണ് യൂണിയൻ ഓഫീസ് തുറന്ന് കിടക്കുന്നതായി താൻ അറിഞ്ഞതെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ഓഫീസിന്റെ പൂട്ട് തകർത്തതായി കണ്ടെത്തിയെന്നും, ഗവൺമെന്റ് കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി പ്രസ്തുത മുറി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ ലൈബ്രറി കം റിസർച്ച് സെന്റർ ആയി മാറ്റിയെന്നും, പൂട്ട് തകർത്ത് വീണ്ടും ചിലർ ആ മുറി ഉപയോഗിച്ച വിവരം താൻ അറിയാതെപോയിയെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.-യുടെ അവകാശ ലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

5. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിലുള്ള റോഡുകളുടെ നിർമ്മാണോദ്ഘാടന വേളയിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി തളിപ്പറമ്പ് എം.എൽ.എ. ആയ ശ്രീ.ജെയിംസ് മാത്യുവിനോട് ബഹു. അംഗം ശ്രീ.കെ.സി.ജോസഫിന്റെ മണ്ഡലമായ ഇരിക്കൂറിലെ വികസന കാര്യങ്ങളിൽകൂടി ശ്രദ്ധചെലുത്തണമെന്ന നിലയിൽ നിർദ്ദേശം നൽകിയെന്ന മലയാളമനോരമയിൽ വന്ന പത്രവാർത്താറിപ്പോർട്ട് തന്നെ പൊതുജന മധ്യത്തിൽ മോശക്കാരനാക്കാനുള്ള ഉദ്ദേശ്യത്തോടു കൂടിയാണെന്ന് ആരോപിച്ചുകൊണ്ട് ബഹു. അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ ബഹു. അംഗം ശ്രീ. കെ. സി. ജോസഫ് 24-11-2019-ലെ പ്രസ്തുത യോഗത്തിൽ സന്നിഹിതനായിരുന്നില്ലായെന്നും, നോട്ടീസിലോ, പത്രവാർത്തയിലോ പറയും പ്രകാരം താൻ പ്രസംഗിച്ചിട്ടില്ലായെന്നും,

ബഹു. സാമാജികനെ ബോധപൂർവ്വം ഇകഴ്ത്തിക്കാട്ടുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ, പൊതുജനമധ്യത്തിൽ മോശക്കാരനാക്കുന്നതിനോ വേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നും പരാമർശ വിഷയം അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നില്ലായെന്നും അറിയിച്ചിരിക്കുന്നു.

ബഹു. മന്ത്രിയുടെ വിശദീകരണം വിശദമായി ചെയർ പരിശോധിച്ചു. ആയത് മുഖവിലയ്ക്കെടുത്ത് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

6. 50 വർഷങ്ങൾക്ക് മുമ്പ് ശ്രീ. അവുക്കാദർ കുട്ടി നഹ തറക്കല്ലിട്ട പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 2004 വരെ ഒരു തുടർനടപടിയും ഉണ്ടായില്ലായെന്നും, 2004-ൽ അന്നത്തെ സർക്കാർ ഭരണാനുമതി നൽകിയെങ്കിലും ചില തർക്കങ്ങളെത്തുടർന്ന് പണം വകയിരുത്തിയില്ലായെന്നും, ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് വസ്തുതാ വിരുദ്ധമാണെന്നും, 50 വർഷത്തിന് മുമ്പ് ഈ പദ്ധതിക്ക് തറക്കല്ലിട്ടിട്ടില്ലായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. അംഗം ശ്രീ. പി. കെ. അബ്ദു റബ്ബ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി പ്രസ്തുത പ്രവൃത്തിക്ക് തറക്കല്ലിട്ടു എന്നത് ശരിയാണെന്നും എന്നാൽ 2018-ൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനം പുനർനിർണ്ണയിച്ച് 20-2-2019-ന് മുഖ്യമന്ത്രി തറക്കല്ലിടുകയും മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നും, സബ്മിഷന് മറുപടി പറയവെ 50 വർഷം മുമ്പ് ഈ മന്ത്രി തറക്കല്ലിട്ട പദ്ധതിക്ക് 2004-ലാണ് ജീവൻ വച്ചതെന്ന് താൻ പറഞ്ഞത് ആലങ്കാരികമായിട്ടാണെന്നും പിന്നീട് ഇക്കാര്യം പരിശോധിച്ചപ്പോൾ 50 വർഷം മുമ്പ് തറക്കല്ലിട്ടു എന്ന പരാമർശം ശരിയായിരുന്നില്ലെന്ന് ബോദ്ധ്യമായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ലായെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു. Kaul & Shakdher ന്റെ Practice & Procedure of Parliament എന്ന ഗ്രന്ഥത്തിൽ പ്രിവിലേജ് സംബന്ധിച്ച ഭാഗത്ത് (Page 306, 6th Edition) ഇപ്രകാരം പറയുന്നു. " A breach of privilege can arise only when the member or the Minister makes a false statement or an incorrect statement wilfully, deliberately and knowingly."

സഭയെ തെറ്റിദ്ധരിപ്പിക്കാനോ ഒരു സഭാംഗത്തിന്റെ അവകാശലംഘനത്തിനോ, അംഗത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നതിനോ ഇടയാക്കുന്ന ഒരു പ്രവൃത്തിയും ബോധപൂർവ്വം നടത്തിയിട്ടില്ലെന്ന് ബഹു. മന്ത്രി രേഖാമൂലം അറിയിച്ചിരിക്കുന്നു. ആയതിനാൽ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ.-യ്ക്ക് അനുമതി നിഷേധിക്കുന്നു.

II. *The following notices of question of Breach of Privileges are under the consideration of the Chair* :

1. 31-12-2019-ന് കേരള നിയമസഭ ഐക്യകണ്ഠ്യേന പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന പ്രമേയത്തിനെതിരെ ശ്രീ.ജി.വി.എൽ.നരസിംഹറാവു എം.പി. രാജ്യസഭാ ചെയർമാന് നൽകിയ നോട്ടീസിലെ വിശദാംശങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതിനെ ആധാരമാക്കി ബഹു. അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു അവകാശ ലംഘന നോട്ടീസ് നൽകുകയുണ്ടായി. കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കിയ നടപടിയെ രാജ്യസഭാ എം.പി. ആയ ശ്രീ. ജി. വി. എൽ. നരസിംഹറാവു 'തോന്ന്യാസവും' 'ദുർനടപടിയും' എന്ന് വിശേഷിപ്പിച്ചത് സഭയോടുള്ള അവഹേളനമാണെന്നും പ്രസ്തുത നടപടി ഭരണഘടനയുടെ അനുച്ഛേദം 194 സംസ്ഥാന നിയമ സഭകൾക്ക് നൽകിയിട്ടുള്ള അധികാരത്തിന്മേലുള്ള കടന്നുകയറ്റവും, ഭീഷണിയിലൂടെ സ്വതന്ത്ര ജനാധിപത്യ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുമായതിനാൽ ശ്രീ. ജി. വി. എൽ. നരസിംഹറാവുവിനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് പ്രസ്തുത നോട്ടീസിലെ ആവശ്യം. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2. സെൻസസ് ചോദ്യാവലിയുമായി ബന്ധപ്പെട്ട വിഷയത്തിൽ 6-2-2020-ന് ശ്രീ.കെ.എം.ഷാജി അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സമർപ്പിച്ച നോട്ടീസ് സഭ പരിഗണിക്കവെ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ് നടത്തിയ അപകീർത്തികരമായ പരാമർ ശങ്ങൾ സഭയിൽ ചോദ്യം ചെയ്യപ്പെട്ടതിനാൽ ബഹു. അംഗം അത് പിൻവലിക്കുകയും രേഖകളിൽ നിന്ന് നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കുമെന്ന് ചെയർ പ്രസ്താവിക്കുകയും ചെയ്തെങ്കിലും 2020 ഫെബ്രുവരി 7-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിൽ 'നടുത്തളം' എന്ന കോളത്തിൽ പ്രസ്തുത പരാമർശങ്ങൾ പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ബഹു. അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

The Chief Minister moved a resolution that the House can be adjourned sine die and the same was adopted by the House.

The Speaker made a brief review of the Eighteenth Session of the Fourteenth Kerala Legislative Assembly.

National Anthem was sung.

The House adjourned sine die at 4.24 p.m.

S. V. UNNIKRISHNAN NAIR,
*Secretary.*